# കേരള സർക്കാർ

**ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ്**

**തിരുവനന്തപുരം**

**<u>ഡിസംബർ 7, 2006</u>**

**1928 അഗ്രഹായനം16° വ്യാഴം**

# പത്രക്കുറിപ്പ്

### സംസ്ഥാന മാധ്യമ അവാർഡിന് എൻട്രി ക്ഷണിച്ചു

മാധ്യമപ്രവർത്തകർക്കുള്ള 2006 ലെ സംസ്ഥാന അവാർഡിന് എൻട്രി ക്ഷണിച്ചു. 2006 ജനുവരി ഒന്നുമുതൽ ഡിസംബർ 31 വരെ മലയാള പത്രങ്ങളിലും ആനുകാലികങ്ങളിലും വന്ന വികസനോന്മുഖ റിപ്പോർട്ട്, ജനറൽ റിപ്പോർട്ട്, വാർത്താചിത്രം, കാർട്ടൂൺ, ടി.വി. വാർത്താ റിപ്പോർട്ട് ക്യാമറ എന്നിവയ്ക്കാണ് അവാർഡ്. മാധ്യമ സ്ഥാപനങ്ങളിലെ സ്റ്റാഫ് ജേണലിസ്റ്റുകളെയാണ് അവാർഡിന് പരിഗണിക്കുക.

വികസനോന്മുഖ റിപ്പോർട്ടിങ്ങ്, ജനറൽ റിപ്പോർട്ടിങ്ങ്, കാർട്ടൂൺ അവാർഡുകൾക്കായി അവ പ്രസിദ്ധീകരിച്ച പത്രത്തിന്റെ അസൽ ക്ലിപ്പിങ്ങിനു പുറമെ രണ്ടുകോപ്പികൾ കൂടി അയയ്ക്കണം. വാർത്താചിത്ര അവാർഡിന് ഫോട്ടോഗ്രാഫിന്റെ 10 x 8 വലിപ്പത്തിലുള്ള മൂന്നു പ്രതികളും ചിത്രം അച്ചടിച്ച പത്രത്തിന്റെ പ്രതിയും വേണം.

മലയാളം ടി.വി. ചാനലുകളിലെ വാർത്താ ബുള്ളറ്റിനിലോ വാർത്താ മാഗസിനിലോ ബീറ്റാകോം, ഡിജിറ്റൽ, യുമാറ്റിക് തുടങ്ങിയ പ്രൊഫഷണൽ സംവിധാനങ്ങൾ ഉപയോഗിച്ച് ചിത്രീകരിച്ച് സംപ്രേഷണം ചെയ്ത റിപ്പോർട്ടുകൾ ബീറ്റാ ഫോർമാറ്റിൽ നൽകണം. അഞ്ചു മിനിറ്റാണ് പരമാവധി സമയം. മികച്ച റിപ്പോർട്ടർക്കും ക്യാമറാമാനും പ്രത്യേകം അവാർഡുകളുണ്ട്.

ലേഖനം, വാർത്താചിത്രം, കാർട്ടൂൺ, ടി.വി. വാർത്ത എന്നിവ പ്രസിദ്ധപ്പെടുത്തിയ പത്രം/ടി.വി. ചാനൽ എന്നിവയുടെ പേര്, തീയതി, ജേണലിസ്റ്റിന്റെ പേര്, വിലാസം തുടങ്ങിയ വിവരം എൻട്രിയോടൊപ്പം മറ്റൊരു പേജിൽ ചേർക്കണം. ഒരാൾക്ക് ഒരു വിഭാഗത്തിൽ പരമാവധി രണ്ട് എൻട്രി അയക്കാം. ഒരേ എൻട്രി ഒന്നിലേറെ വിഭാഗങ്ങളിലേക്ക് അയയ്ക്കാൻ പാടില്ല. ഒരു കവറിൽ ഒരു എൻട്രിയേ പാടുള്ളൂ. കവറിനു മുകളിൽ മത്സരവിഭാഗം എന്ന് രേഖപ്പെടുത്തണം. എൻട്രി അപേക്ഷകൻ തയ്യാറാക്കിയതാണെന്നതിന് ന്യൂസ് എഡിറ്ററുടേയോ മറ്റു അധികാരിയുടേയോ സാക്ഷ്യപത്രം വേണം.

എൻട്രി ജനുവരി എട്ടിനകം ഡയറക്ടർ, ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ്, ഗവ.സെക്രട്ടേറിയറ്റ്, തിരുവനന്തപുരം വിലാസത്തിൽ ലഭിക്കണം.

പി.എൻ.എക്സ്.6843/06

(തുടരുന്നു)